# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 സെപ്റ്റംബർ 23

# വാർത്താക്കുറിപ്പ്

## ബി.എ, ബി.കോം. പരീക്ഷകേന്ദ്രം

മൂന്നും നാലും സെമസ്റ്റർ ബി.എ./ബി.കോം. സി.ബി.സി.എസ്.എസ്. (2017ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി, 2012, 2013 അഡ്മിഷൻ - മേഴ്സി ചാൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകളുടെ പരീക്ഷകേന്ദ്രം സംബന്ധിച്ച വിജ്ഞാപനം സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിദ്യാർഥികൾ ഹാൾടിക്കറ്റ് അതത് പരീക്ഷകേന്ദ്രങ്ങളിൽ നിന്നും കൈപ്പറ്റണം.

(പി.ആർ.ഒ/39/945/2021)

## തീയതി നീട്ടി

2017 അഡ്മിഷൻ ബി.ടെക് നാലും അഞ്ചും സെമസ്റ്റർ ഇംപ്രൂവ്മെന്റ് പരീക്ഷകൾക്ക് പിഴയില്ലാതെ സെപ്റ്റംബർ 28 മുതൽ 30 വരെയും 525 രൂപ പിഴയോടെ ഒക്ടോബർ ഒന്നുവരെയും 1050 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ നാലുവരെയും അപേക്ഷിക്കാം. വിദ്യാർഥികൾ പേപ്പറൊന്നിന് 55 രൂപ വീതം (സെമസ്റ്ററിന് പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/946/2021)

## പരീക്ഷഫലം

2021 മാർച്ചിൽ നടന്ന നാലാം വർഷ ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി (2016 അഡ്മിഷൻ - റഗുലർ, 2008 മുതൽ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/947/2021)

2020 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. ഹിസ്റ്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ ഏഴുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/948/2021)

2021 മാർച്ചിൽ നടന്ന രണ്ടാം വർഷ എം.എസ് സി. മെഡിക്കൽ അനാട്ടമി (നോൺ സി.എസ്.എസ്.) സെമസ്റ്റർ റഗുലർ, സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഒക്ടോബർ ഏഴുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/949/2021)

2020 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ് സി. ആക്ചൂറിയൽ സയൻസ് (സി.എസ്.എസ്.) രണ്ടാം സെമസ്റ്റർ (റഗുലർ, സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ എട്ടുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/950/2021)

2020 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ് സി. ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ നാലുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/951/2021)

2020 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. സിറിയക് (സി.എസ്.എസ്.)

(പി.ആർ.ഒ/39/952/2021)

## മോട്ടിവേഷണൽ സീരീസ്

മഹാത്മാഗാന്ധി സർവകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിലുള്ള മോട്ടിവേഷണൽ സീരിസിന്റെ മൂന്നാമത്തെ സെഷൻ സെപ്റ്റംബർ 25ന് വൈകീട്ട് ഏഴിന് ഓൺലൈനായി നടക്കും. 'പോസ്റ്റ് കോവിഡ് വേൾഡ് ആന്റ് ഫോർത്ത് ഇൻഡസ്ട്രിയൽ റെവല്യൂഷൻ' എന്ന വിഷയത്തിൽ ഐക്യരാഷ്ട്രസംഘടനയുടെ പരിസ്ഥിതി പ്രോഗ്രാമിന്റെ ദുരന്ത ലഘൂകരണ വിഭാഗം തലവൻ ഡോ. മുരളി തുമ്മാരുകുടി സംസാരിക്കും. സർവകലാശാല ലൈബ്രറിയുടെ ഫേസ്ബുക്ക് പേജിലൂടെയും (https://www.facebook.com/Mahatma-Gandhi-UniversityLibrary-111978437785011/) https://zoom.us/j/98348645295?pwd=b2V6S1ZSeUFPelVhL0t1MGRTRVNtdz09 എന്ന ലിങ്കിലൂടെയും പരിപാടിയിൽ പങ്കെടുക്കാം. വിശദവിവരത്തിന് ഫോൺ: 9446238800 (മിനി ജി. പിള്ള, പ്രോഗ്രാം ചെയർപേഴ്സൺ), 9846496323 (ഡോ. വിമൽ കുമാർ വി., പ്രോഗ്രാം ടെക്നിക്കൽ ഡയറക്ടർ).

(പി.ആർ.ഒ/39/953/2021)

## സൗജന്യ ശ്രവണ സഹായി വിതരണം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബലിറ്റിയുടെ ആഭിമുഖ്യത്തിൽ തൊടുപുഴ അൽ അസ്ഹർ മെഡിക്കൽ കോളേജ് ആന്റ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, ഹരിപ്പാട് റോട്ടറി ക്ലബ് എന്നിവയുടെ സഹകരണത്തോടെ ഒക്ടോബർ നാലുമുതൽ ഒൻപതുവരെ സൗജന്യ ശ്രവണ പരിശോധനയും ശ്രവണസഹായി വിതരണവും നടത്തുന്നു. മുംബൈ ആസ്ഥാനമായുള്ള ശ്രവണ-സംസാരമേഖലയിലെ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ധ സംഘമാണ് ശ്രവണ പരിശോധന നടത്തുന്നതും ശ്രവണ സഹായി നൽകുന്നതും. 80 ലക്ഷം രൂപ വിലവരുന്ന ഉപകരണങ്ങളാണ് ക്യാമ്പിൽ വിതരണം ചെയ്യുക. ഇടുക്കി, ആലപ്പുഴ ജില്ലകളിൽ നിന്നുള്ള ഗുണഭോക്താക്കൾക്കാണ് ക്യാമ്പിൽ പ്രവേശനം ലഭിക്കുക. വിവരങ്ങൾക്ക് ഫോൺ: 8547083912 (ഇടുക്കി ജില്ല), 92416984 (ആലപ്പുഴ ജില്ല). സ്പോട് രജിസ്ട്രേഷൻ ഉണ്ടായിരിക്കില്ല.

(പി.ആർ.ഒ/39/954/2021)

## വിവരങ്ങൾ വെബ് സൈറ്റിൽ

ഗവേഷണ സംബന്ധിയായ സോഫ്റ്റ് വെയറുകൾ, ഗവേഷണ പ്രബന്ധത്തിന്റെ പരിശോധനയ്ക്കുള്ള സോഫ്റ്റ് വെയർ, ഗവേഷണത്തിനുള്ള വിവരശേഖരണം തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് മഹാത്മാഗാന്ധി സർവ്വകലാശാല പഠന വകുപ്പുകൾ, കൊളജുകൾ എന്നിവിടങ്ങളിൽ നിന്നുള്ള അധ്യാപകർക്കും ഗവേഷകർക്കും വേണ്ടി സെപ്റ്റംബർ 27 മുതൽ നടത്തുന്ന ഓൺലൈൻ റിസെർച്ചർ ഡവലപ്മെന്റ് പരിപാടിയിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് ആവശ്യമായ വിവരങ്ങൾ www.library.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/955/2021)

## പുതിയ വിദ്യാഭ്യാസനയം: സമഗ്ര ചർച്ച വേണം - എം.ജി. സെനറ്റ്

കേന്ദ്രസർക്കാർ പുതുതായി കൊണ്ടുവരുന്ന വിദ്യാഭ്യാസനയം ശരിയായ ചർച്ചകൾ നടത്താതെ നടപ്പാക്കുന്നത് രാജ്യത്തെ അക്കാദമിക് മേഖലയേയും പൊതുസമൂഹത്തേയും ദോഷകരമായി ബാധിക്കുമെന്ന് വ്യാഴാഴ്ച ചേർന്ന മഹാത്മാഗാന്ധി സർവകലാശാല സെനറ്റ് യോഗം അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസരംഗത്തെ സാങ്കേതിക പരിഷ്കരണങ്ങളുടെ പേരിൽ അവതരിപ്പിക്കുന്ന ഓൺലൈൻ ബ്ലെൻഡഡ് ലേണിംഗ് പദ്ധതി പോലുള്ളവ വിദ്യാഭ്യാസ മേഖലയെ വൻകിട കുത്തകകൾക്ക് മുന്നിൽ പണയം വയ്ക്കുന്നതിനുള്ള വഴിതുറക്കുമെന്ന് ഇത് സംബന്ധിച്ച അടിയന്തര പ്രമേയം അവതരിപ്പിച്ചുകൊണ്ട് സെനറ്റ് അംഗം ജോജി അലക്സ് പറഞ്ഞു. ഓൺലൈൻ പഠനത്തിന് അനാവശ്യമായി അമിത പ്രാധാന്യം നൽകുന്നത് കാമ്പസുകളെ നിശബ്ദമാക്കുന്നതിനും സാങ്കേതിക സൗകര്യം കുറവുള്ള മേഖലയിൽ നിന്നുവരുന്ന വലിയൊരു വിഭാഗം വിദ്യാർഥികൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നതിനും ഇടയാക്കുമെന്ന് ചർച്ചയിൽ പങ്കെടുത്ത സിൻഡിക്കേറ്റംഗം അഡ്വ. റെജി സഖറിയയും മറ്റ് അംഗങ്ങളും പറഞ്ഞു.

സർവകലാശാലയിലെ അധ്യാപക-അനധ്യാപക തസ്തികകളിലെ ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അധികൃതർ യോഗത്തെ അറിയിച്ചു. സർവകലാശാലയ്ക്ക് കീഴിലുള്ള സ്വയംഭരണ കോളേജുകൾ വിദ്യാർഥികളുടെ പ്രവേശനം സംബന്ധിച്ച് നടപടിക്രമങ്ങളിൽ പൂർണ സുതാര്യത ഉറപ്പുവരുത്തണമെന്ന് യോഗം നിർദ്ദേശിച്ചു. ഇതുസംബന്ധിച്ച് സർവകലാശാല പുറത്തിറക്കിയിട്ടുള്ള കൈപ്പുസ്തകത്തിലെ നിർദ്ദേശങ്ങള സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാനും യോഗം തീരുമാനിച്ചു.

കായിക വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ തുക അനുവദിക്കുമെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ പറഞ്ഞു. സർവകലാശാല സ്റ്റാറ്റിയൂട്ടറി ഫിനാൻസ് സമിതിയിലേക്കുള്ള സെനറ്റിന്റെ പ്രതിനിധിയായി ജെ. ലേഖയെ യോഗം തെരഞ്ഞെടുത്തു. ആരോഗ്യപരമായ കാരണങ്ങളാൽ കഴിഞ്ഞ സെനറ്റ് യോഗങ്ങളിൽ പങ്കെടുക്കാൻ കഴിയാതെ അംഗത്വം റദ്ദായ എ.എം. അബൂബക്കറിന്റെ സെനറ്റ് അംഗത്വം പുനസ്ഥാപിക്കാൻ യോഗം തീരുമാനിച്ചു. സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സഖറിയ, ഡോ. ബി. കേരളവർമ്മ, ഡോ. എ. ജോസ്, കെ.എം. സുധാകരൻ, പ്രൊഫ. പി. ഹരികൃഷ്ണൻ, ഡോ. എസ്. ഷാജില ബീവി, ഡോ. ആർ. അനിത, ഡോ. ബാബു മൈക്കിൾ, ഡോ. ബിജു തോമസ്, ഡോ. പി. എസ്. സുകുമാരൻ, ഡോ.റോബിനറ്റ് ജേക്കബ്, രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന ജോയിന്റ് രജിസ്ട്രാർ ബാബുരാജ് എ. വാര്യർ തുടങ്ങിയവരും പങ്കെടുത്തു.

(പി.ആർ.ഒ/39/956/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ